ൾക്കും വേണ്ട തുകയാണ് അനുവദിച്ചിട്ടുള്ളത്. സേവന വേതന വ്യവസ്ഥകൾ കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശക തത്വങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

95 (1313) എച്ച്.എസ്.എ(ഹിന്ദി) തസ്തികയിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ്

ശ്രീ. എൻ. കണ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ എച്ച്.എസ്.എ (ഹിന്ദി) തസ്തികകളിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം നിലവിലുള്ള പി.എസ്.സി. ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ലിസ്റ്റിൽ നിന്നും ആരേയും നിയമിച്ചിട്ടില്ലാ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംവരണം ചെയ്യപ്പെട്ട എട്ട് ഒഴിവുകൾ ഉണ്ടായിട്ടും ഈ കാലയളവിൽ ഒരാളെപ്പോലും നിയമിച്ചിട്ടില്ലാ എന്നുള്ളത് സർക്കാർ ഗൗരവമായി പരിശോധിക്കുമോ;

(ഡി) ഈ തസ്തികയിലേക്ക് അടിയന്തിരമായി നിയമനം നടത്താൻ നിർദ്ദേശം നൽകുമോ;

(ഇ) വിദ്യാഭ്യാസ വകുപ്പിലെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് തസ്തികകളിൽ നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്താതെ ലിസ്റ്റ് കാൻസലായി പോകുന്ന സാഹചര്യം ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 23.2.98-ലാണ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സർക്കാർ ഇക്കാര്യം ഗൗരവമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) അടുത്ത സ്കൂൾ അദ്ധ്യയന വർഷാരംഭം നിയമനം നടത്താനുള്ള നടപടികൾ എടുത്തു വരുന്നു.

(ഇ) സ്പെഷ്യൽ റിക്രൂട്ട്മെന്റ് തസ്തികകളിൽ ഉള്ള ഒഴിവുകൾ നിയമനം നടത്താതെ ലിസ്റ്റ് ക്യാൻസലായി പോകുന്ന സാഹചര്യം ഉണ്ടായിട്ടില്ല.

96 (1314) അദ്ധ്യാപകർക്ക് കച്ചവട ഇടപാടുകളിൽ പങ്ക് ചേരാൻ നിയമം

ശ്രീ. കെ.എ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഗവൺമെന്റ് എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് കച്ചവട ഇടപാടുകളിൽ പങ്ക് ചേരാൻ കേരള വിദ്യാഭ്യാസ നിയമങ്ങൾ അനുവദിക്കുന്നുണ്ടോ;

(ബി) ഇത്തരം കേസുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ചുള്ള ബന്ധപ്പെട്ട നിയമത്തിലെ വകുപ്പുകൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സർക്കാരിന്റെ മുൻകൂർ അനുമതിക്ക് വിധേയമായി അനുവദിക്കുന്നുണ്ട്.

(ബി) ഇല്ല.

(സി) കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 14(ബി) പ്രകാരം എയിഡഡ് സ്കൂൾ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ നിർവ്വചിച്ചിരിക്കുന്നു.

97 (1315) പിന്നോക്ക സമുദായങ്ങൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സംസ്ഥാന സർക്കാരുകൾ വിദ്യാഭ്യാസ വികസനത്തിനായി പിന്നോക്ക സമുദായങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്;

(ബി) കേന്ദ്രത്തിൽ നിന്നും ഇക്കൊല്ലം ഈയിനത്തിൽ എത്ര രൂപ ലഭിച്ചിട്ടുണ്ട്;

(സി) സംസ്ഥാന ഗവൺമെന്റ് ഈ ആവശ്യത്തിലേക്ക് ഏതെല്ലാം ഇനത്തിൽ ഈ വർഷം എത്ര രൂപാ ചെലവാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ പിന്നോക്ക വിഭാഗമായ മുസ്ലീം/നാടാർ/ആംഗ്ലോ ഇൻഡ്യൻ പെൺകുട്ടികൾക്ക് വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് നൽകി വരുന്നു. കേന്ദ്ര ഗവൺമെന്റിൽ നിന്നും ഈ വിഭാഗക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങളെക്കുറിച്ച് വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) മുസ്ലീം/നാടാർ/ആംഗ്ലോ ഇൻഡ്യൻ സ്കോളർഷിപ്പിന് പ്രൈമറി വിഭാഗത്തിൽ 90.25 ലക്ഷം രൂപയും സെക്കന്ററി വിഭാഗത്തിന് 90 ലക്ഷം രൂപയും സംസ്ഥാന സർക്കാർ ചെലവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly